| 14–10–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ആജ്ഞാകാരിയാകൂ, ബാബയുടെ ആദ്യത്തെ ആജ്ഞയാണ് – സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ.**

**ചോദ്യം** : ആത്മാവാകുന്ന പാത്രം അശുദ്ധമാകുവാൻ കാരണം എന്താണ്? അതിനെ ശുദ്ധമാക്കുവാനുള്ള മാർഗ്ഗം എന്താണ്?

**ഉത്തരം** : അനാവശ്യമായ കാര്യങ്ങൾ കേട്ടും കേൾപ്പിച്ചും ആത്മാവാകുന്ന പാത്രം അശുദ്ധമായിത്തീർന്നു. അതിനെ ശുദ്ധമാക്കുന്നതിനു വേണ്ടി ബാബ നല്കുന്ന ആജ്ഞയാണ്, മോശമായത് കേൾക്കരുത്, മോശ മായത് കാണരുത്......ഒരു ബാബയിൽ നിന്നും കേൾക്കൂ, ബാബയെ തന്നെ ഓർമ്മിക്കൂ അപ്പോൾ ആത്മാവാകുന്ന പാത്രം ശുദ്ധമായിത്തീരും. ആത്മാവും ശരീരവും രണ്ടും പാവനമായി മാറും.

**ഗീതം** : ആരാണോ പ്രിയനോടൊപ്പം അവർക്കാണ് ജ്ഞാനമഴ.........

**ഓംശാന്തി**.ഓംശാന്തിയുടെ അർത്ഥം കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ഇടക്കിടയ്ക്ക് പോയിന്റുകൾ തന്നുകൊണ്ടിരിക്കുന്നു. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ എന്ന് ഇടയ്ക്കിടയ്ക്ക് പറയാറില്ലേ, അതുപോലെ. ഇവിടെ ഒരു മനുഷ്യനേയും ഓർമ്മിക്കുന്നില്ല. മനുഷ്യൻ മനുഷ്യനെ അല്ലെങ്കിൽ ഏതെങ്കിലും ദേവതയെ ഓർമ്മിപ്പിക്കുന്നു. പാരലൗകീക അച്ഛനെ ഓർമ്മിപ്പിക്കുവാൻ ആർക്കും സാധിക്കില്ല കാരണം ബാബയെ ആർക്കും അറിയുന്നില്ല. ഇവിടെ നിങ്ങളോട് വീണ്ടും വീണ്ടും പറയുന്നത് സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്നാണ്.അച്ഛന് മകൻ ജനിച്ചാൽ എല്ലാവരും മനസ്സിലാക്കും ഈ കുട്ടി അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുവാൻ വന്നിരിക്കുകയാണ് എന്ന്.ആ കുട്ടിയ്ക്ക് അച്ഛന്റെയും സമ്പത്തിന്റെയും ഓർമ്മയുണ്ടായിരിക്കും.ഇവിടെയും അങ്ങനെ തന്നെയാണ്. കുട്ടികൾ അച്ഛനെ അറിയുന്നില്ല അതുകൊണ്ടാണ് ബാബയ്ക്ക് വരേണ്ടി വരുന്നത്. ആരാണോ ബാബയോടൊപ്പമുള്ളത് അവർക്കാണ് ഈ ജ്ഞാനത്തിന്റെ മഴയുള്ളത്.വേദങ്ങളിലും ശാസ്ത്രങ്ങളിലുമുള്ള ജ്ഞാനമെല്ലാം തന്നെ ഭക്തീ മാർഗ്ഗത്തിന്റെ സാമഗ്രികളാണ്.ജപ തപങ്ങൾ, ദാന പുണ്യങ്ങൾ, സന്ധ്യാഗായത്രി തുടങ്ങി എന്തെല്ലാം ചെയ്യുന്നുവോ അതെല്ലാം ഭക്തീമാർഗ്ഗത്തിന്റെ സാമഗ്രികളാണ്.സന്യാസിമാരും ഭക്തർ തന്നെയാണ്. പവിത്രമാകാതെ ആർക്കും ശാന്തീധാമത്തിലേയ്ക്ക് പോകുവാൻ സാധിക്കില്ല അതുകൊണ്ട് അവർ വീടും കുടുംബവും ഉപേക്ഷിച്ച് പോകുന്നു.എന്നാൽ ലോകത്തിലുള്ളവർ മുഴുവനും ഇങ്ങനെ ചെയ്യുന്നില്ല.അവരുടെ ഈ ഹഠയോഗവും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. നിങ്ങൾ കുട്ടികളെ രാജയോഗം പഠിപ്പിക്കുന്നതിനു വേണ്ടി കൽപ കൽപം ഒരേയൊരു പ്രാവശ്യമാണ് വരുന്നത്.എന്റെ മറ്റൊരു അവതാരവും ഇല്ല.ഈശ്വരന്റെ പുനരവതരണം.ഈശ്വരൻ ഉയർന്നതിലും ഉയർന്നതാണ്. പിന്നെ ജഗദംബയുടേയും ജഗത്പിതാവിന്റെയും പുനരവതരണവും തീർച്ചയായും ഉണ്ടാകണം. വാസ്തവത്തിൽ അവതരണം എന്ന വാക്ക് ബാബയുമായാണ് യോജിക്കുന്നത്.സത്ഗതി ദാതാവ് ഒരേയൊരു ബാബയാണ്.ഓരോ വസ്തുവും വീണ്ടും ഉണ്ടാകുന്നുണ്ട്.ഇപ്പോൾ ഭ്രഷ്ടാചാരമാണ് അപ്പോൾ വീണ്ടും ഭ്രഷ്ടാചാരം ഉണ്ടായിരിക്കുകയാണ് എന്ന് പറയാം.വീണ്ടും ഭ്രഷ്ടാചാരമായി,വീണ്ടും ശ്രേഷ്ഠാചാരം ഉണ്ടാക്കും.ഓരോ വസ്തുവും വീണ്ടും ഉണ്ടാക്കുന്നു.ഇപ്പോൾ പഴയ ലോകമാണ് വീണ്ടും പുതിയ ലോകം വരും.പുതിയ ലോകത്തിനു ശേഷം പറയും വീണ്ടും പഴയ ലോകം വരും എന്ന്.ഈ കാര്യങ്ങൾ എല്ലാം ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. ഇവിടെ ഇരിക്കുമ്പോൾ സദാ ഇങ്ങനെ ചിന്തിക്കണം – ഞാൻ ആത്മാവാണ്,എന്നെ ഓർമ്മിക്കൂ എന്ന ആജ്ഞ എനിക്ക് ബാബയിൽ നിന്നും ലഭിച്ചിരിക്കുകയാണ്. കുട്ടികൾക്കല്ലാതെ മറ്റാർക്കും ബാബയുടെ ആജ്ഞ ലഭിക്കുന്നില്ല. കുട്ടികളിലും ചിലർ ആജ്ഞാകാരികളായിരിക്കും, ചിലർ ആജ്ഞ മാനിക്കാത്തവരും ഉണ്ട്.ബാബ പറയുന്നു – അല്ലയോ ആത്മാക്കളേ,നിങ്ങൾ എന്നിൽ ബുദ്ധിയോഗം വയ്ക്കൂ.ബാബ ആത്മാക്കളോടാണ് സംസാരിക്കുന്നത്,മററൊരു വിദ്വാനും പണ്ഡിതനും ഞാൻ ആത്മാക്കളോടാണ് സംസാരിക്കുന്നത് എന്ന് പറയുവാൻ സാധിക്കില്ല.അവർ ആത്മാവ് തന്നെയാണ് പരമാത്മാവ് എന്ന് ചിന്തിക്കുന്നു.അത് തെറ്റാണ്.നിങ്ങൾ കുട്ടികൾക്കറിയാം ശിവബാബ ഈ ശരീരത്തിലൂടെ നമുക്ക് മനസ്സിലാക്കിച്ച് തന്നുകൊണ്ടിരിക്കുന്നു.ശരീരം ഇല്ലാതെ അഭിനയിക്കുവാൻ സാധിക്കില്ല.ഈ നിശ്ചയമാണ് ആദ്യമാദ്യം വേണ്ടത്.നിശ്ചയം ഇല്ലായെങ്കിൽ ഒന്നും ബുദ്ധിയിൽ ഇരിക്കില്ല. നമ്മൾ ആത്മാക്കളുടെ അച്ഛൻ ആ നിരകാരനായ പരംപിതാ പരമാത്മാവാണ് എന്നും പിന്നെ സാകാരത്തിൽ പ്രജാപിതാ ബ്രഹ്മാവും നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരുമാണെന്നുമുള്ള നിശ്ചയം ആദ്യം വേണം.സർവ്വ ആത്മാക്കളും ശിവന്റെ

കുട്ടികളാണ് അതുകൊണ്ട് ശിവകുമാരൻ എന്ന് പറയും, കുമാരി എന്ന് പറയില്ല. ഈ കാര്യങ്ങൾ എല്ലാം ധാരണ ചെയ്യണം.നിരന്തരം ഓർമ്മിക്കുമ്പോഴാണ് ധാരണയാകുന്നത്. ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് ബുദ്ധിയാകുന്ന പാത്രം ശുദ്ധമാകുന്നത്.വ്യർത്ഥമായ കാര്യങ്ങൾ കേട്ട് കേട്ട് പാത്രം അശുദ്ധമായി മാറിയിരിക്കുന്നു, അതിനെ ശുദ്ധമാക്കണം. ബാബയുടെ ആജ്ഞയാണ് എന്നെ ഓർമ്മിക്കൂ എങ്കിൽ ബുദ്ധി പവിത്രമാകും. ആത്മാവിൽ തുരുമ്പ് പിടിച്ചിരിക്കുകയാണ്, ഇപ്പോൾ പവിത്രമാകണം. ആത്മാവ് നിർലേപമാണ് എന്നാണ് സന്യാസിമാർ പറയുന്നത്. ബാബ പറയുന്നു ആത്മാവിൽ തന്നെയാണ് അഴുക്ക് പിടിക്കുന്നത്. ശ്രീ കൃഷ്ണന്റെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്.സത്യയുഗത്തിൽ തന്നെയാണ് രണ്ടും പവിത്രമായിരിക്കുന്നത്.ഇവിടെ സംഭവിക്കില്ല.നിങ്ങൾ ആത്മാക്കൾ നമ്പർവാറായി പവിത്രമായി കൊണ്ടിരിക്കുന്നു. ഇപ്പോൾ പവിത്രമായിട്ടില്ല. പവിത്രമായി ആരും ഇല്ല. സർവ്വരും പുരുഷാർത്ഥം ചെയ്ത് കൊണ്ടിരിക്കുന്നു.അന്തിമത്തിൽ നമ്പർവാറായി സർവ്വരുടേയും റിസൾറ്റ് വരും.

ബാബ വന്ന് സർവ്വ ആത്മാക്കളോടും ആജ്ഞാപിക്കുകയാണ്, എന്നെ ഓർമ്മിക്കൂ,സ്വയം അശരീരിയാണെന്ന് മനസ്സിലാക്കൂ, ദേഹീ അഭിമാനിയാകൂ. മുഖ്യമായ ഈ കാര്യം ബാബയ്ക്ക് അല്ലാതെ മറ്റാർക്കും മനസ്സിലാക്കിക്കുവാൻ സാധിക്കില്ല. പൂർണ്ണമായും നിശ്ചയം ഉണ്ടായാൽ വിജയം നേടും,നിശ്ചയം ഇല്ലായെങ്കിൽ വിജയം നേടില്ല. നിശ്ചയബുദ്ധിയായിട്ടുള്ളവർ വിജയിക്കും സംശയബുദ്ധിയായിട്ടുള്ളവർ തോല്ക്കും. ഗീതയിലുള്ള ചില ചില വാക്കുകൾ വളരെ നല്ലതാണ്. ആട്ടയിൽ ഉപ്പ് പോലെ എന്ന് പറയുന്നത് ഇതിനെയാണ്.ബാബ പറയുന്നു,ഞാൻ നിങ്ങൾക്ക് സർവ്വ വേദങ്ങളുടെയും ശാസ്ത്രങ്ങളുടെയും സാരവും അതിൽ എന്തൊക്കെയാണ് ഉള്ളത് എന്നും മനസ്സിലാക്കി തരുന്നു. ഇതെല്ലാം ഭക്തീമാർഗ്ഗത്തിലെ വഴികളാണ്. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. എന്തുകൊണ്ടാണ് ഭക്തീമാർഗ്ഗം ഉണ്ടാക്കിയിരിക്കുന്നത് എന്ന് ചോദിക്കുവാൻ കഴിയില്ല.ഇത് അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. നിങ്ങളും ഈ ഡ്രാമയിൽ ബാബയിൽ നിന്നും സമ്പത്ത് നേടി സ്വർഗ്ഗത്തിന്റെ അധികാരിയാകുവാനുള്ള സമ്പത്ത് അനേക പ്രാവശ്യം നേടി വീണ്ടും എടുത്ത് കൊണ്ടിരിക്കും. ഒരിക്കലും അവസാനിക്കുന്നില്ല.ഈ ചക്രം അനാദിയായി കറങ്ങികൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾ ഇപ്പോൾ ദുഃഖധാമത്തിലാണ് പിന്നെ ശാന്തിധാമത്തിൽ പോകും,ശാന്തീധാമത്തിൽ നിന്നും സുഖധാമത്തിലേക്ക് പോകും പിന്നെ ദുഃഖധാമത്തിലേക്ക് വരും – ഈ ചക്രം അനാദിയായി കറങ്ങി കൊണ്ടിരിക്കുന്നു. സുഖധാമത്തിൽ നിന്നും ദുഃഖധാമത്തിൽ വരുന്നതിന് നിങ്ങൾ കുട്ടികൾ 5000 വർഷം എടുക്കുന്നു.അതിൽ നിങ്ങൾ 84 ജന്മം എടുക്കുന്നു.നിങ്ങൾ കുട്ടികൾ മാത്രമാണ് 84 ജന്മം എടുക്കുന്നത്,സർവ്വർക്കും എടുക്കുവാൻ സാധിക്കില്ല.ഈ പരിധിയില്ലാത്ത അച്ഛൻ നിങ്ങൾക്ക് നേരിട്ട് മനസ്സിലാക്കി തരുന്നു, മറ്റു കുട്ടികൾ മുരളി കേൾക്കുകയോ പഠിക്കുകയോ ടേപ്പിലൂടെ കേൾക്കുകയോ ചെയ്യുന്നു,എല്ലാവർക്കും ടേപ്പിലൂടെ കേൾക്കുവാനും സാധിക്കില്ല.ആദ്യമാദ്യം നിങ്ങൾ കുട്ടികൾക്ക് എഴുന്നേല്ക്കുമ്പോഴും ഇരിക്കുമ്പോഴും ഈ ഓർമ്മയുണ്ടായിരിക്കണം. മനുഷ്യർ മാല കറക്കി രാമ രാമ എന്ന് ജപിക്കുന്നു. രുദ്രാക്ഷ മാല എന്ന് പറയുന്നുവല്ലോ. രുദ്രൻ ഭഗവാനാണ്.ഈ മാലയിലെ മേരുമുത്ത് ഒരുമിച്ചാണ്.അത് വിഷ്ണുവിന്റെ യുഗൾ സ്വരൂപമാണ്.അത് ആരാണ്? ഈ മാതാപിതാക്കൾ വിഷ്ണുവിന്റെ രണ്ട് രൂപങ്ങളായ ലക്ഷ്മിയും നാരായണനും ആകുന്നു അതുകൊണ്ട് ഇതിനെ മേരു എന്ന് പറയുന്നു. ശിവബാബയാണ് പുഷ്പം, മേരു ഈ മമ്മയും ബാബയും. ഇവരെയാണ് മാതാ പിതാവ് എന്ന് പറയുന്നത്.വിഷ്ണുവിനെ മാതാ പിതാവ് എന്ന് പറയുവാൻ സാധിക്കില്ല.ലക്ഷ്മീ നാരായണനെ അവരുടെ കുട്ടികൾ അമ്മയെന്നും അച്ഛനെന്നും വിളിക്കും.ഇന്നത്തെക്കാലത്ത് സർവ്വരുടേയും മുന്നിൽ ചെന്ന് നീ തന്നെയാണ് അമ്മയും അച്ഛനും എന്ന് പറയുന്നു...........ആരെങ്കിലും ഒരാൾ മഹിമ പറഞ്ഞാൽ അവരെ ഫോളോ ചെയ്യുവാൻ തുടങ്ങും.ഇത് അസത്യമായ ലോകം തന്നെയാണ്.കലിയുഗത്തിനെ പറയുന്നത് അസത്യമായതെന്നും സത്യയുഗത്തിനെ പറയുന്നത് സത്യമായത് എന്നുമാണ്.അവിടെ ആത്മാവും ശരീരവും രണ്ടും പവിത്രമായിരിക്കും. കൃഷ്ണൻ സത്യയുഗത്തിൽ സുന്ദരമായിരുന്നു, അന്തിമ ജന്മത്തിൽ കൃഷ്ണന്റെ ആത്മാവ് കറുത്ത് പോയി.ഈ ബ്രഹ്മാവും സരസ്വതിയും ഈ സമയം കറുത്തിരിക്കുകയല്ലേ.ആത്മാവ് കറുത്ത് പോയി അപ്പോൾ ആഭരണവും കറുത്ത് പോയി.സ്വർണ്ണത്തിൽ തന്നെയാണ് അഴുക്ക് പിടിക്കുന്നത്,അതുകൊണ്ട് ഉണ്ടാക്കുന്ന ആഭരണവും അഴുക്കുള്ളതായിരിക്കും.സത്യയുഗത്തിൽ ദേവീ ദേവതകളുടെ ഗവൺമെന്റായിരുന്നപ്പോൾ ഈ അസത്യമൊന്നും ഉണ്ടായിരിക്കില്ല.അവിടെ സ്വർണ്ണ കൊട്ടാരമാണ് ഉണ്ടാക്കുന്നത്.ഭാരതം സ്വർണ്ണ പക്ഷിയായിരുന്നു, ഇപ്പോൾ കലർപ്പുള്ളതായി മാറിയിരിക്കുന്നു. അങ്ങനെയുള്ള ഭാരതത്തെ ബാബയ്ക്ക് തന്നെയാണ് വീണ്ടും സ്വർഗ്ഗമാക്കുവാൻ സാധിക്കുന്നത്.

ബാബ മനസ്സിലാക്കിതരുന്നു, ശ്രീമത്ത് ഭഗവാനുവാച. കൃഷ്ണൻ ദൈവീക ഗുണങ്ങളുള്ള,രണ്ട് കൈകളുള്ള

രണ്ട് കാലുകളുള്ള ആളാണ്. ചില ചിത്രങ്ങളിൽ നാരായണനും ലക്ഷ്മിക്കും 4 കൈകൾ കാണിച്ചിരിക്കുന്നു. ഒന്നും മനസ്സിലാക്കുന്നില്ല.ഓം എന്നും പറയുന്നുണ്ട്,ഓം എന്നതിന്റെ അർത്ഥം പറയുന്നത് – ഓം എന്നാൽ ഞാൻ ഈശ്വരനാണ്,എവിടെ നോക്കിയാലും ഈശ്വരൻ തന്നെ ഈശ്വരനാണ്.എന്നാൽ ഇത് തെറ്റാണ്.ഓം അർത്ഥം ഞാൻ ആത്മാവ്.ബാബയും പറയുന്നു, ഞാൻ ആത്മാവാണ് പക്ഷേ ഞാൻ പരമമാണ് അതുകൊണ്ട് എന്നെ പരമാത്മാവ് എന്ന് പറയുന്നു.ഞാൻ പരംധാമത്തിലാണ് വസിക്കുന്നത്. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് പിന്നെ സൂക്ഷ്മവതനത്തിൽ ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും ശങ്കരന്റെയും ആത്മാവുണ്ട്.താഴേക്ക് വരുമ്പോൾ മനുഷ്യരുടെ ലോകം.അത് ദൈവീക ലോകം,ആ ആത്മാക്കളുടെ ലോകത്തിനെയാണ് മൂലവതനം എന്ന് പറയുന്നത്.ഈ കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്. നിങ്ങൾ കുട്ടികൾക്ക് ഈ അവിനാശിയായ ജ്ഞാന രത്നങ്ങൾ ദാനമായി ലഭിക്കുന്നു അതിലൂടെ നിങ്ങൾ ഭാവിയിൽ സമ്പന്നനും ഡബിൾ കിരീടധാരിയുമാകുന്നു. നോക്കൂ കൃഷ്ണന് രണ്ട് കിരീടങ്ങൾ ഇല്ലേ. ആ കുട്ടി തന്നെ ചന്ദ്രവംശിയിൽ വരുമ്പോൾ രണ്ട് കലകൾ കുറഞ്ഞ് പോകുന്നു.വൈശ്യവംശിയിൽ വരുമ്പോൾ വീണ്ടും 4 കലകൾ കുറയുന്നു.പ്രകാശത്തിന്റെ കിരീടവും നഷ്ടമാകുന്നു. രത്നങ്ങൾ കൊണ്ടുള്ള കിരീടം ഉണ്ടായിരിക്കും.നല്ല ദാന പുണ്യങ്ങൾ ചെയ്യുന്നവർക്ക് ഒരു ജന്മം രാജ്യഭാഗ്യം ലഭിക്കുന്നു. അടുത്ത ജന്മവും ദാന പുണ്യങ്ങൾ ചെയ്യുകയാണെങ്കിൽ വീണ്ടും രാജ്യപദവി ലഭിക്കും.ഇവിടെ നിങ്ങൾക്ക് 21 ജന്മം രാജ്യപദവി നേടുവാൻ സാധിക്കും,പരിശ്രമിക്കേണ്ടതുണ്ട്. ബാബ തന്റെ പരിചയം നല്കുകയാണ് – ഐ ആം സുപ്രീം സോൾ. അതുകൊണ്ട് പരമപിതാ പരംആത്മാവ് അർത്ഥം പരമാത്മാവ് എന്ന് വിളിക്കുന്നു.നിങ്ങൾ കുട്ടികൾ ആ സുപ്രീമിനെ ഓർമ്മിക്കുന്നു.നിങ്ങൾ സാളിഗ്രാമങ്ങളാണ്,അത് ശിവനും. ശിവന്റെ വലിയ ലിംഗവും മണ്ണ് കൊണ്ട് സാളിഗ്രാമങ്ങളും ഉണ്ടാക്കുന്നു. ഇത് ഏത് ആത്മാക്കളുടെ ഓർമ്മചിഹ്നമാണ് എന്നതും ആരും അറിയുന്നില്ല.നിങ്ങൾ ശിവബാബയുടെ കുട്ടികൾ ഭാരതത്തെ സ്വർഗ്ഗമാക്കുന്നു അതുകൊണ്ട് നിങ്ങളെ പൂജിക്കുന്നു.നിങ്ങൾ ദേവീ ദേവതയാകുന്നു അപ്പോഴും നിങ്ങളെ പൂജിക്കുന്നു.ശിവബാബയോടൊപ്പം നിങ്ങൾ അത്രയും സേവനം ചെയ്യുകയാണ് അതുകൊണ്ട് സാളിഗ്രാമങ്ങളെയും പൂജിക്കുന്നു.വളരെ ഉത്തമമായ കർത്തവ്യം ആരാണോ ചെയ്യുന്നത് അവരെ പൂജിക്കുന്നു,കലിയുഗത്തിൽ ആരാണോ നല്ല കർമ്മം ചെയ്യുന്നത് അവരുടെ ഓർമ്മചിഹ്നം ഉണ്ടാക്കുന്നു. കൽപ കൽപം ബാബ നിങ്ങൾ കുട്ടികൾക്ക് മുഴുവൻ സൃഷ്ടി ചക്രത്തിന്റെയും രഹസ്യം മനസ്സിലാക്കി തരുന്നു അർത്ഥം നിങ്ങളെ സ്വദർശനചക്രധാരിയാക്കുന്നു.വിഷ്ണുവിന് സ്വദർശന ചക്രം ഉണ്ടാവുകയില്ല.വിഷ്ണു ദേവതയായിരിക്കുകയാണ്.നിങ്ങൾക്കാണ് ഈ മുഴുവൻ ജ്ഞാനവും ഉള്ളത്. ലക്ഷ്മീ നാരായണൻ ആകുമ്പോൾ ഈ ജ്ഞാനം ഉണ്ടായിരിക്കില്ല.അവിടെ സർവ്വരും സത്ഗതിയിലായിരിക്കും.നിങ്ങൾ കുട്ടികൾ ഇപ്പോൾ തന്നെയാണ് ഈ ജ്ഞാനം കേൾക്കുന്നത് പിന്നെ രാജപദവി നേടുന്നു. സ്വർഗ്ഗത്തിന്റെ സ്ഥാപന നടന്നുകഴിഞ്ഞാൽ പിന്നെ ജ്ഞാനത്തിന്റെ ആവശ്യം ഉണ്ടായിരിക്കില്ല.

ബാബ തന്നെയാണ് വന്ന് തന്റെയും രചനയുടേയും പൂർണ്ണമായ പരിചയം നല്കുന്നത്.സന്യാസികൾ മാതാക്കളെ നിന്ദിച്ചു, എന്നാൽ ബാബ വന്ന് മാതാക്കളെ ഉയർത്തുന്നു. ബാബ ഇതും മനസ്സിലാക്കിച്ച് തരുന്നു അതായത് സന്യാസികൾ ഇല്ലായിരുന്നുവെങ്കിൽ ഭാരതം കാമചിതയിലിരുന്ന് മുഴുവനും നശിക്കുമായിരുന്നു. ദേവീ ദേവതകൾ വാമ മാർഗ്ഗത്തിലേക്ക് വീഴുന്ന സമയത്ത് അതിശക്തമായി ഭൂമികുലുക്കം ഉണ്ടാകുന്നു, അപ്പോൾ സർവ്വതും താഴേക്ക് പോകുന്നു. മറ്റ് ഖണ്ഡങ്ങൾ ഒന്നും ഉണ്ടാവുകയില്ല,ഭാരതം തന്നെയാണ് ഉണ്ടാവുക. ഇസ്ലാമുകളൊക്കെ പിന്നെയാണ് വരുന്നത്. അപ്പോൾ ആ സത്യയുഗത്തിലെ വസ്തുക്കൾ ഒന്നും ഇവിടെ ഉണ്ടാവുകയില്ല.നിങ്ങൾ കാണുന്ന സോമനാഥന്റെ ക്ഷേത്രമൊന്നും വൈകുണ്ഡത്തിലേത് അല്ല. ഇത് ഭക്തീ മാർഗ്ഗത്തിൽ ഉണ്ടാക്കപ്പെട്ടതാണ്, അതിനെയാണ് മുഹമ്മദ് ഗസ്നിയും മറ്റും കൊള്ളയടിച്ചത്.ദേവതകളുടെ കൊട്ടാരങ്ങളും മറ്റും ഭൂമികുലുക്കത്തിൽ നശിച്ച് പോകും.കൊട്ടാരങ്ങൾ അതുപോലെ താഴേക്ക് പോയിട്ട് അതുപോലെ തന്നെ മുകളിലേക്ക് പൊങ്ങി വരും എന്ന് അല്ല. അത് പൊട്ടി പൊളിഞ്ഞ് ഉള്ളിലേക്ക് പോകുന്നു.ആ സമയത്ത് കുഴിക്കുമ്പോൾ കുറച്ചൊക്കെ ലഭിക്കുന്നു. ഇപ്പോൾ ഒന്നും ലഭിക്കുന്നില്ല. ശാസ്ത്രങ്ങളിലൊന്നും ഈ കാര്യങ്ങൾ ഇല്ല. സത്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. ഈ നിശ്ചയമാണ് ആദ്യമാദ്യം വേണ്ടത്. നിശ്ചയത്തിൽ തന്നെയാണ് മായ വിഘ്നമിടുന്നത്. ഭഗവാൻ എങ്ങനെ വരും? എന്ന് ചോദിക്കുന്നു. ശിവജയന്തി ഉണ്ടല്ലോ അപ്പോൾ തീർച്ചയായും വരും.ബാബ പറയുന്നു, പരിധിയില്ലാത്ത രാത്രിയുടേയും പരിധിയില്ലാത്ത പകലിന്റെയും സംഗമത്തിലാണ് ഞാൻ വരുന്നത്.ഏത് സമയത്താണ് വരുന്നത് എന്ന് ആർക്കും അറിയില്ല.നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട്.ബാബ തന്നെയാണ് ഈ ജ്ഞാനം നൽകിയതും ദിവ്യ ദൃഷ്ടിയിലൂടെ ഈ ചിത്രങ്ങൾ ഉണ്ടാക്കിച്ചതും. കൽപ വൃക്ഷത്തെ കുറിച്ച് ഗീതയിൽ കുറച്ച് വർണ്ണിച്ചിട്ടുണ്ട്. കുട്ടികളോട് പറയുന്നു ഇപ്പോൾ ഞാനും നിങ്ങളുമുണ്ട് കൽപത്തിന് മുൻപും ഉണ്ടായിരുന്നു പിന്നെ കൽപകൽപം

കാണുകയും ചെയ്യും. ഞാൻ കൽപകൽപം നിങ്ങൾക്ക് ഈ ജ്ഞാനം നല്കും. ചക്രവും തെളിയിക്കപ്പെടുന്നു. എന്നാൽ നിങ്ങൾക്ക് അല്ലാതെ മറ്റാർക്കും മനസ്സിലാക്കുവാൻ സാധിക്കില്ല. ഈ സൃഷ്ടി ചക്രത്തിന്റെ ചിത്രവും തീർച്ചയായും ആരോ ഉണ്ടാക്കിയതാണ്. ബാബയും കുട്ടികളും ഇതിനെ മനസ്സിലാക്കി കൊടുക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. എല്ലാ കാര്യത്തിലും വിജയത്തിന്റെ ആധാരം നിശ്ചയമാണ്, അതുകൊണ്ട് തീർച്ചയായും നിശ്ചയബുദ്ധിയുള്ളവരാകണം. സത്ഗതിദാതാവായ ബാബയിൽ ഒരിക്കലും സംശയം ഉന്നയിക്കരുത്.

2. ബുദ്ധിയെ പവിത്രവും ശുദ്ധവും ആകുന്നതിനു വേണ്ടി അശരീരിയാകുവാനുള്ള അഭ്യാസം ചെയ്യണം. അനാവശ്യ(വ്യർത്ഥ) കാര്യങ്ങൾ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യരുത്.

## വരദാനം – പരിധിയില്ലാത്ത സ്മൃതിസ്വരൂപത്തിലൂടെ പരിധിയുള്ള കാര്യങ്ങളെ സമാപ്തമാക്കുന്ന അനുഭവീമൂർത്തിയായി ഭവിക്കട്ടെ.

താങ്കൾ ശ്രേഷ്ഠആത്മാക്കൾ നേരിട്ട് –ബീജവും മുഖ്യ രണ്ടിലകളും– ത്രിമൂർത്തിയുമായി സമീപസംബന്ധ മുള്ള കാണ്ഡമാണ്. ഇതേ ഉയർന്ന സ്റ്റേജിൽ സ്ഥിതി ചെയ്യൂ, പരിധിയില്ലാത്ത സ്മൃതിസ്വരൂപമാകൂ, അപ്പോൾ പരിധിയുള്ള വ്യർഥ കാര്യങ്ങൾ സമാപ്തമാകും. തന്റെ പരിധിയില്ലാത്ത വാർദ്ധക്യത്തിലേക്ക് വരൂ, അപ്പോൾ സദാ സർവഅനുഭവീമൂർത്തിയാകും. പരിധിയില്ലാത്ത പൂർവജത്വം എന്ന ജോലിയുണ്ട്, അത് സദാ സ്മൃതി യിൽ വെക്കൂ. താങ്കൾ പൂർവജരുടെ ജോലിയാണ് അമർ ജ്യോതിയായി അന്ധകാരത്തിൽ അലയുന്ന ആത്മാക്കളെ ലക്ഷ്യത്തിലേക്ക് എത്തിക്കുക.

## സ്ലോഗൻ – ഏതെങ്കിലും കാര്യങ്ങളിൽ ആശയക്കുഴപ്പത്തിലാകുന്നതിനു പകരം ആനന്ദ ത്തിന്റെ അനുഭവം ചെയ്യുക തന്നെയാണ് സരളയോഗിയാകുക